പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 8245 17.07.2014 ലെ മറുപടിക്ക്

## നഗരൂർ ഒറ്റൂർ ഗ്രാമപഞ്ചായത്തുകളിലെ 'സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം'

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി. സത്യൻ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | നഗരൂർ ഗ്രാമപഞ്ചായത്തിലെ 'ഇടവനക്കോണം' ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ 'ഞായലിൽ' എന്നീ പട്ടികജാതി കോളനികളെ 'സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം'പദ്ധതിയിലുൾപ്പെടുത്തി നടന്നു വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും, നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ; | (എ) | നഗരൂർ ഗ്രാമപഞ്ചായത്തിലെ ഇടവനക്കോണം കോളനിയിൽ റോഡിന്റെ മെറ്റലിംഗും കുടിവെള്ള പദ്ധതിയ്ക്കായി പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പണികളും പൂർത്തിയായിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ മൂന്ന് മാസത്തിനകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.<br>ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ ഞായലിൽ കോളനിയിൽ 11 വീടുകളുടെ പുനരുദ്ധാരണം, റോഡ് കോൺക്രീറ്റിംഗ് , പൈപ്പ് ലൈൻ സ്ഥാപിയ്ക്കൽ, സാംസ്കാരിക നിലയത്തിന്റെ ഗ്രൗണ്ട്ഫ്ളോർ എന്നിവ പൂർത്തിയായിട്ടുണ്ട്. സാംസ്കാരിക നിലയത്തിന്റെ ഒന്നാംനിലയുടെയും റോഡിന്റെ സൈഡ് വാളിന്റെയും പണികൾ പുരോഗമിയ്ക്കുന്നു. ഇവ ഒരു മാസത്തിനകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഓരോ പ്രവൃത്തിയ്ക്കും എന്തു തുക വീതം ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (ബി) | ഇടവനക്കോണം കോളനി :<br>റോഡ്, സൈഡ് വാൾ നിർമ്മാണം- 16,03,122.25<br>ജലവിതരണ പദ്ധതി - 2,53,291.25<br>ആകെ - 18,56,413.50 രൂപ<br>ഞായലിൽ കോളനി :<br>കോൺക്രീറ്റ് റോഡ് നിർമ്മാണം - 1683696.54<br>റീവാമ്പിംഗ് വാൾ നിർമ്മാണം - 867859.85<br>റോഡ് കലുങ്ക് നിർമ്മാണം - 233121.30<br>കുടിവെള്ള വിതരണം - 37800.00<br>പുതിയ ലൈബ്രറി മന്ദിര നിർമ്മാണം - 346542.98<br>ഓടയുടെ സൈഡ് വാൾ നിർമ്മാണം - 289982.99<br>ആകെ - 3459003.66 രൂപ |

സെക്ഷൻ ഓഫീസർ